**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2154** **18.07.2016 ലെ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ അവകാശ നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കേരള സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്രനിയമമായ 'കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009'-ന്റെ സ്കൂളിന് ബാധകമായിട്ടുള്ള ഷെഡ്യൂളിലെ ക്രമനമ്പർ 1 (എ), 1 (ബി) എന്നിവയിലാണ് വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം താഴെ പറയും പ്രകാരമാണ്. |

<u>1മുതൽ 5 വരെ ക്ലാസ്സുകൾക്ക്</u>

60 കുട്ടികൾ വരെ - 2 അദ്ധ്യാപകർ
61കുട്ടികൾ മുതൽ 90 വരെ - 3 അദ്ധ്യാപകർ,
91 കുട്ടികൾ മുതൽ 120 വരെ - 4 അദ്ധ്യാപകർ,
121 കുട്ടികൾ മുതൽ 200 വരെ - 5 അദ്ധ്യാപകർ,
200 ന് മുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം 1:40 കവിയരുതെന്നുമാണ് നിയമം. 150 കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കി ഒരു ടീച്ചറുടെ തസ്തിക അനുവദിക്കുകയും ചെയ്യും.

<u>6 മുതൽ 8 വരെ ക്ലാസ്സുകൾ</u> :

കേന്ദ്രനിയമത്തിന്റെ ഷെഡ്യൂൾ പ്രകാരം.

1. ഒരു ക്ലാസ്സിന് കുറഞ്ഞത് ഒരദ്ധ്യാപകൻ എന്ന കണക്കിൽ താഴെപ്പറയുന്ന വിഷയങ്ങൾക്ക് കുറഞ്ഞത് ഒരദ്ധ്യാപകൻ വീതം.
   (i) സയൻസും കണക്കും
   (ii) സാമൂഹ്യപാഠം
   (iii) ഭാഷകൾ
2. ഓരോ മുപ്പത്തിയഞ്ച് കുട്ടികൾക്കും ഒരദ്ധ്യാപകൻ.

. . . . . . (2)

3. വിദ്യാർത്ഥികളുടെ എണ്ണം 100 ന് മുകളിലായാൽ
   (i) ഒരു ഫുൾ ടൈം ഹെഡ് ടീച്ചർ
   (ii) പാർട്ട് ടൈം അദ്ധ്യാപകൻ
   (A) ആർട്ട് വിദ്യാഭ്യാസം
   (B) ആരോഗ്യ കായിക വിദ്യാഭ്യാസം.
   (C) വർക്ക് എഡ്യൂക്കേഷൻ.

(ബി) ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകർ വീതമാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു ഹൈക്കോടതി വിധി പ്രകാരം കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കിയത് 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 30 കുട്ടികൾ വരെ 1 ഉം 31 മുതൽ 60 വരെ 2-ഉം എന്ന അടിസ്ഥാനത്തിൽ ക്രമത്തിൽ മേൽ വിവരിച്ച പ്രകാരമാണ് തസ്തികകൾ അനുവദി ച്ചിട്ടുള്ളത്. 6 മുതൽ 8 വരെയുള്ള ക്ലാസ്സുകൾക്ക് ബഹു. ഹൈക്കോടതി വിധിപ്രകാരം 35:1 അനുപാതത്തിൽ 1 മുതൽ 35 കുട്ടികൾ വരെ 1 ഡിവിഷൻ, 36 മുതൽ 70 വരെ 2ാം ഡിവിഷൻ എന്ന അടിസ്ഥാനത്തിൽ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നു. കോടതി ഉത്തരവിനെതിരായി സർക്കാർ ഫയൽ ചെയ്ത അപ്പീലിന് വിധേയമായാണ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

(സി) ഇതനുസരിച്ച് നിലവിൽ ഓരോ വിഭാഗത്തിലും അദ്ധ്യാപകരുടെ കുറവുണ്ടോ എന്നും ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(സി) അദ്ധ്യാപകരുടെ കുറവ്/കൂടുതൽ സംബന്ധിച്ച വിവരങ്ങൾ 2016-17 ലെ തസ്തിക നിർണ്ണയം കഴിയുന്നതനുസരിച്ച് മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഓരോ വിഭാഗത്തിലും വിദ്യാർത്ഥി കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച പ്രകാരമാണ് തസ്തികകൾ സ്കൂളുകളിൽ അനുവദിച്ചുവരുന്നത് എന്നതിനാൽ അതിന നുസൃതമായി ഉണ്ടാകുന്ന ഒഴിവുകളിൽ എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ ലെ വ്യവസ്ഥകൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായി മാനേജർമാരും, സർക്കാർ സ്കൂളുകളിൽ പി.എസ്.സി/താല്കാലിക നിയമനവും നടത്തുന്ന തിനുള്ള സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ